തിരുവനന്തപുരം ജില്ലയിലെ എക്സൈസ് വകുപ്പിലെ വനിത എക്സൈസ് ഗാർഡ് (കാറ്റഗറി നമ്പർ : 240/2010), പോലീസ് വകുപ്പിലെ വനിത പോലീസ് കോൺസ്റ്റബിൾ (കാറ്റഗറി നമ്പർ : 171/2010) എന്നീ തസ്തികകളിലേയ്ക്കായി തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് ഹോക്കി ഗ്രൗണ്ട്/ക്രിക്കറ്റ് ഗ്രൗണ്ട് എന്നീ വേദികളിൽ വച്ച് യഥാക്രമം 25.10.2013, 05.11.2013 എന്നീ തീയതികളിൽ അവസാനിച്ച കായിക ക്ഷമതാ പരീക്ഷയ്ക്ക് വിവിധ കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാതിരുന്നവരും പരാതി നൽകിയവരുമായ ഉദ്യോഗാർത്ഥികൾക്കായി 20.11.2013 തീയതിയിൽ രാവിലെ 6.30 ന് തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ വച്ച് ശാരീരിക അളവെടുപ്പും, കായിക ക്ഷമതാ പരീക്ഷയും നടത്തുന്നതാണ്. ഒരിക്കൽ കായിക ക്ഷമതാ പരീക്ഷയ്ക്ക് ഹാജരായവരെ യാതൊരു കാരണവശാലും പങ്കെടുപ്പിക്കുന്നതല്ല. ഇത് സംബന്ധിച്ച വ്യക്തിഗത മെമ്മോ ഉദ്യോഗാർത്ഥികൾക്ക് അയയ്ക്കുന്നതല്ല. വിശദവിവരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.